(സി) ഇടമലയാർ പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും കോൺട്രാക്ടർമാർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആർക്കെല്ലാം; എത്ര വീതം;

(ഇ) ഇടമലയാർ പദ്ധതിയുടെ പണി പൂർത്തീകരിച്ച് എന്നത്തേക്കു വൈദ്യുതി ഉൽപ്പാദനം നടക്കും;

(എഫ്) ടണൽ ചോർച്ച പരിഹരിക്കുന്നതിനുള്ള പണി ഏത് ഘട്ടത്തിലാണ്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇടമലയാർ വൈദ്യുത പദ്ധതി 1985 ജൂലൈയിൽ കമ്മീഷൻ ചെയ്യാനായിരുന്നു ഉദ്ദേശിച്ചിരുന്നത്.

(ബി) പെരിയാറിലെ ഓർമ്മ തടയലിനായി തുറന്നുവിടേണ്ടിവന്ന 191 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം വൈദ്യുതി ഉൽപ്പാദനത്തിനു വേണ്ടി ഉപയോഗിച്ചിരുന്നെങ്കിൽ ഉദ്ദേശം 170 ലക്ഷം രൂപയുടെ വരുമാനം ബോർഡിനു ലഭിക്കുമായിരുന്നു. കുറച്ചു വെള്ളം 'സ്പിൽ' ചെയ്തു പോകുകയും ചെയ്തു. ഇതു കണക്കാക്കിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിക്കു ഇടമലയാർ അണക്കെട്ട് നിർമ്മാണം സംബന്ധിച്ചു 145.36 ലക്ഷം രൂപയും ബോംബെ സബർബൻ ഇലക്ട്രിക് സപ്ലൈ ലിമിറ്റഡിനു പവർ ഹൗസ് ഇറക്ഷൻ സംബന്ധിച്ച് 23 ലക്ഷം രൂപയും (31-3-86) കൊടുത്തിട്ടുണ്ട്.

(ഇ) ഒന്നാമത്തെ ജനറേറ്റർ 1986 നവംബറിലും രണ്ടാമത്തെ ജനറേറ്റർ 1987 ജനുവരിയിലും കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) ടണൽ ചോർച്ച പരിഹരിക്കുന്നതിനുള്ള പ്രധാന ജോലിയായ സ്റ്റീൽ ലൈനിംഗിന്റെ പണി ആകെ 80 മീറ്റർ ചെയ്യാനുള്ളതിൽ 25 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ജോലികൾ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇലക്ട്രിസിറ്റി ബോർഡിലെ സ്റ്റോറുകൾ

*57 [57] ശ്രീ. കെ. പി. രാമൻ:

,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:

,, സി. ടി. അഹമ്മദ് അലി:

,, കെ. പി. എ. മജീദ്:

,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ എത്ര സ്റ്റോറുകൾ നിലവിലുണ്ട്:

(ബി) ഈ സ്റ്റോറുകളുടെ ചുമതല ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ കാരണം വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) 40 സ്റ്റോറുകൾ നിലവിലുണ്ട്.

(ബി) സർക്കിൾ സ്റ്റോറിൻെറ ചുമതല സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും റീജിയണൽ സ്റ്റോറിൻെറ ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമാണ്.

(സി) ഉണ്ട്.

(ഡി) ഇലക്ട്രിക്കൽ ഡിവിഷൻ സ്റ്റോറുകൾ നിർത്തലാക്കുകയും അതിനുപകരം സർക്കിൾ സ്റ്റോറുകൾ ആരംഭിക്കുകയുംചെയ്തു. ഒരു ഡിസ്ട്രിബ്യൂഷൻ സർക്കിളിൻെറ കീഴിലുള്ള മുഴുവൻ സെക്ഷനുകളുടെയും ഉപയോഗത്തിനുള്ള സാധനസാമഗ്രികൾ ശേഖരിച്ചു വയ്ക്കുന്നതിനും അവ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. മുൻപ് നിലവിലുണ്ടായിരുന്ന ഡിസ്ട്രിബ്യൂഷൻ ഡിവിഷൻ സ്റ്റോറുകളെക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഈ ഡിസ്ട്രിബ്യൂഷൻ സ്റ്റോറുകൾക്കു സാധിക്കുന്നുണ്ട്. ഡിസ്ട്രിബ്യൂഷൻ സ്റ്റോറുകൾ ഇല്ലാത്ത ജില്ലകളിൽ അഞ്ച് സബ് സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടായ നഷ്ടം.

*58 [58] ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. പി. കുമാരൻ:
,, കെ. ടി കണാരൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് 1986 മാർച്ച് 31 വരെയുള്ള നഷ്ടമെത്ര;

(ബി) കോർപ്പറേഷൻെറ എന്ന് വരെയുള്ള കണക്കുകളാണ് ഓഡിറ്റ് ചെയ്തിട്ടുള്ളത്?

ഭക്ഷ്യവും സിവിൽസപ്ലൈസ് വകുപ്പ് മന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) താൽക്കാലിക കണക്കുകളനുസരിച്ച് 10,38,30,795 രൂപ നഷ്ടമുണ്ട്. എന്നാൽ വില കുറച്ച് അരി വിറ്റ വകയിൽ കോർപ്പറേഷൻ ഗവൺമെൻറിൽ നിന്ന് 25.19 കോടി രൂപ സബ്സിഡിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1981-82 വരെ.

LIBRARY ARCHIVES Kerala Legislative Assembly